(17) ജസ്റ്റിസ് ഭാസ്കരൻ നമ്പ്യാർ കമ്മിഷൻ റിപ്പോർട്ട് നടപ്പാക്കേണ്ടതു സംബന്ധിച്ച്

ശ്രീ. എൻ.ആർ. ബാലൻ : സർ, കേരള കാർഷിക സർവ്വകലാശാലയിൽ ഡോ.മൈക്കിൾ വൈസ് ചാൻസലറായിരുന്ന 1992-96 കാലത്തു നടന്ന അഴിമതിയെക്കുറിച്ചും കെടുകാര്യസ്ഥതയെക്കുറിച്ചും സമഗ്രമായ അന്വേഷണം നടത്താൻ ജസ്റ്റിസ് ഭാസ്കരൻ നമ്പ്യാർ കമ്മിഷനെ ഈ സർക്കാർ നിയമിച്ചതാണ്. 1998 നവംബർ മാസത്തിൽ ജസ്റ്റിസ് ഭാസ്കരൻ നമ്പ്യാർ അന്വേഷണ റിപ്പോർട്ടുകൾ സർക്കാരിനു സമർപ്പിച്ചു. 29 റിപ്പോർട്ടുകൾ സർക്കാരിനു സമർപ്പിച്ചതിൽ 14 എണ്ണത്തിനു സർക്കാർ തീരുമാനം എടുത്ത് മേൽനടപടികൾക്കായി കേരള കാർഷിക സർവ്വകലാശാലയ്ക്ക് അയച്ചു കൊടുത്തതായി അറിയുന്നു. അവശേഷിക്കുന്ന 15 റിപ്പോർട്ടുകളിൽ സർക്കാർ നാളിതുവരെയും ഒരു നടപടിയും കൈക്കൊണ്ടിട്ടില്ല. വെച്ചൂർ പശുക്കളുടെ മരണം, നിർമ്മാണപ്രവർത്തനങ്ങളിലെ ക്രമക്കേടുകൾ Carcass Utilisation plant സ്ഥാപിച്ചതിലെ അഴിമതി തുടങ്ങിയ അതിപ്രധാനമായ പ്രശ്നങ്ങളെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ടുകളാണിവ. അതുകൊണ്ട് ജസ്റ്റിസ് ഭാസ്കരൻ നമ്പ്യാർ കമ്മീഷൻ റിപ്പോർട്ടുകൾ പൂർണ്ണമായും പരിഗണിച്ചു അടിയന്തിരമായ നടപടി കൈക്കൊള്ളണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറംപിൽ) : സർ, കാർഷിക സർവ്വകലാശാലയിൽ നിരവധി ക്രമക്കേടുകൾ നടക്കുന്നതായി പരാതികൾ ഉണ്ടായതിനെത്തുടർന്ന് 15.11.1996-ൽ ജസ്റ്റിസ് ഭാസ്ക്കരൻ നമ്പ്യാർ കമ്മിഷനെ ഈ പരാതികൾ അന്വേഷിക്കുന്നതിനുവേണ്ടി ഒരു ഏകാംഗകമ്മിഷനായിട്ട് നിയമിക്കുകയുണ്ടായി. കമ്മിഷൻ പരാതികൾ വിശദമായി പരിശോധിച്ച് 26 റിപ്പോർട്ടുകൾ ഗവൺമെന്റിനു നൽകിയിട്ടുണ്ട്. ഈ റിപ്പോർട്ടുകളിലൊട്ടാകെ 35 ശുപാർശകളാണ് കമ്മിഷൻ നൽകിയിട്ടുള്ളത്. ഇതിൽ 20 റിപ്പോർട്ടുകൾ ഗവൺമെന്റ് പരിശോധിക്കുകയും കമ്മീഷന്റെ കണ്ടെത്തലുകൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ ശുപാർശകളിൻമേൽ നടപടിയെടുക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു. ബാക്കിയുള്ള 6 റിപ്പോർട്ടുകൾ ഗവൺമെന്റിന്റെ പരിശോധനയിലാണ്. ഇവ പരിശോധിക്കുകയും നടപടിയെടുക്കുന്നതിന് കേരള സർവ്വകലാശാലയ്ക്ക് അയച്ചു കൊടുക്കുകയും ചെയ്യുന്നതാണ്.

(18) ഭൂതത്താൻ കെട്ടിൽ നിന്ന് പെരിയാർ നദിയിലേക്ക് വെള്ളം തുറന്നു വിടേണ്ടത് സംബന്ധിച്ചു

ശ്രീ.കെ.മുഹമ്മദാലി : സർ, സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനങ്ങൾ കുടിവെള്ളത്തിന് ആശ്രയിക്കുന്ന ശുദ്ധജല വിതരണ പദ്ധതികൾ നിലകൊള്ളുന്നതും ഏറ്റവും കൂടുതൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവർത്തിക്കുന്നതുമായ പെരിയാറിൽ ജലനിരപ്പു താഴ്ന്നു വരുന്നതുമൂലം വളരെ ഗുരുതരമായ പ്രശ്നങ്ങൾ ഉണ്ടായിരിക്കുകയാണ്. ജൂൺ, ജൂലൈ മാസങ്ങളിൽ ജലനിരപ്പുള്ളത് കാലവർഷം ഉള്ളതു കൊണ്ടാണ്. യഥാസമയം പുഴയിലേക്ക് വെള്ളം ഡാമുകളിൽനിന്ന് തുറന്നു വിടാൻ ശ്രമിക്കാത്തതുമൂലം ഗുരുതരമായ സ്ഥിതിവിശേഷമുണ്ടാകുന്നു. 225 എം.എൽ.ഡി വെള്ളമാണ് അവിടെ ശുദ്ധ ജലവിതരണ പദ്ധതികളിലൂടെ പമ്പു ചെയ്യുന്നത്. ഹഡ്കോ പദ്ധതികൂടി കമ്മീഷൻ ചെയ്തതോടുകൂടി വെള്ളത്തിന്റെ ലഭ്യത കുറയുന്നുവെന്നു

LIBRARY ARCHIVES Kerala Legislative Assembly

മാത്രമല്ല മലിനീകരണം വളരെ വർദ്ധിക്കുകയാണ്. എല്ലാവർക്കും അറിയാവു ന്നതുപോലെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കെമിക്കൽ വ്യവസായങ്ങൾ സ്ഥിതി ചെയ്യുന്നത് ഈ പെരിയാറിന്റെ തീരത്താണ്. അതുകൊണ്ട് വെള്ളം കുറഞ്ഞതുമൂലം മലിനീകരണം വർദ്ധിക്കുന്നു. ഈയടുത്തകാലത്തുള്ള കണ ക്കനുസരിച്ച് മലിനീകരിക്കപ്പെട്ട പ്രധാനപ്പെട്ട നദികളിൽ രണ്ടാമത്തെ നദിയായി പെരിയാർ മാറിക്കൊണ്ടിരിക്കുകയാണ്. ഇത്രയേറെ ജനങ്ങൾ കുടി വെള്ളത്തിന് ആശ്രയിക്കുന്ന പെരിയാറിനെ നേരിടുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഗൗരവമായി കാണണം. ഇടുക്കി ഡാം ഉൾപ്പെടെയുള്ള ഡാമുകൾ പണിത സമയത്ത് യഥാസമയം ഈ പുഴയിലേക്ക് വെള്ളം നൽകാ മെന്നുള്ള ധാരണയുണ്ടായിരുന്നു. അതെല്ലാം ലംഘിച്ചുകൊണ്ടിരിക്കുകയാണ്. കാലവർഷമാകുമ്പോൾ മാത്രമാണ് പുഴയിൽ വെള്ളമുള്ളത്. വെള്ളത്തിന്റെ വിനിയോഗവും അതുപോലെ വെള്ളം യഥാസമയം തുറന്നുവിടാത്തതു മൂല മുള്ള പ്രശ്നങ്ങളും ഗൗരവമായി കണ്ടുകൊണ്ട് പെരിയാർ നദിയെ സംരക്ഷി ക്കാൻ ഗവൺമെന്റ് മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ.വി.പി. രാമകൃഷ്ണ പിള്ള) : പെരിയാർ ജലസേചന പദ്ധതി ഭൂതത്താൻ കെട്ട് ഡാമിൽനിന്നും ലോ ലെവൽ കനാൽ വഴിയും ഹൈലെവൽ കനാൽ വഴിയുമാണ്. ജലസേ ചനം നടത്തുന്നത്. ഹൈലെവൽ കനാലിൽക്കൂടി വേനൽക്കാലത്ത് കൃഷിക്കു വേണ്ടി ജലസേചനം നടത്തിയാൽ ഒരു നിശ്ചിത ലെവലിൽ പെരിയാറിന്റെ ബാരേജിൽ ജലനിരപ്പ് നിലനിറുത്തേണ്ടതായിട്ടുണ്ട്. വേനൽക്കാലത്ത് ശുദ്ധ ജലവിതരണത്തിനും, ജലസേചനത്തിനും ആവശ്യമായ ലിഫ്റ്റ് ഇറിഗേഷൻ പമ്പുകൾ പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ ജലം ഭൂതത്താൻകെട്ട് ബാരേജിൽനിന്നും ലഭിക്കാറുണ്ട്. പെരിയാർ നദിയിൽ നടക്കുന്ന അനധികൃ തവും അശാസ്ത്രീയവുമായ മണൽവാരൽമൂലം നദിയുടെ അടിത്തട്ട് ക്രമാതീ തമായി താഴ്ന്നുകൊണ്ടിരിക്കുകയാണ്. ഇതാണ് നദിയിൽ ജലവിതാനം താഴു ന്നതിനുള്ള പ്രധാന കാരണങ്ങളിലൊന്ന്. പെരിയാർ നദിയെ സ്രോതസാക്കി ആരംഭിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെയും ശുദ്ധജലപദ്ധതികളുടെയും വർദ്ധിച്ച അവശ്യം വന്നാൽ പൂർണ്ണമായും നിറവേറ്റാൻ കഴിയാത്ത സ്ഥിതിയു ണ്ട്. ഇതു പരിഹരിക്കാൻ പെരിയാറിനു കുറുകെ തടയണകൾ നിർമ്മിക്കു കയും മണൽവാരലിനു നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യേണ്ടതായി ട്ടുണ്ട്. ജലസംഭരണവും നദികളുടെ വൃഷ്ടിപ്രദേശങ്ങളുടെ സംരക്ഷണവും കാർഷികാഭിവൃദ്ധിയുമുദ്ദേശിച്ച് ഓരോ പ്രധാന നദിക്കും റിവർ പ്രൊട്ടക്ഷൻ അതോറിറ്റികൾ രൂപീകരിക്കുന്നുണ്ട്. പെരിയാർ നദിക്കുവേണ്ടിയാണ് ആദ്യമായി അതോറിറ്റി രൂപീകരിക്കുന്നത്. ഈ റിവർ അതോറിറ്റിയിൽ ജല സേചനം, റവന്യൂ, വനം എന്നീ വകുപ്പുകൾ കേരള വാട്ടർ അതോറിറ്റി, പൊലൂഷൻ കൺട്രോൾ ബോർഡ് തുടങ്ങിയ സ്ഥാപനങ്ങൾ സമീപപ്രദേ ശത്തെ മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നിവയിലെ പ്രതിനിധികൾ എന്നിവ രുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനും എല്ലാ പ്രശ്നങ്ങൾക്കും കൂട്ടായ ഒരു സമീപനം നിലവിൽവരുന്നതും വേഗത്തിൽ പ്രശ്നം പരിഹരിക്കാൻ സാധ്യമാകുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly